

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വേങ്ങൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.
(പി2)-1915/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/04/2022
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.
(പി2)-1915/2021

തീയ്യതി: 08/04/2022

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 07-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ കെ എ ഷാജിമോൻ	ഡെപ്യൂട്ടി ഡയറക്ടർ	08-12-2021	21-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-12-2021	21-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീമതി മിനു പി കെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2) ശ്രീ ഹരീഷ് ബാബു എൻ,അസി.ഓഡിറ്റ് ഓഫീസർ
3) ശ്രീമതി ഷൈബി ഇ ഡി,അസി.ഓഡിറ്റ് ഓഫീസർ
4) ശ്രീമതി കവിത എസ് കണ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
5) ശ്രീ നബീൽ മുഹമ്മദ് അബ്ബാസ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.എ.ഷാജി	പ്രസിഡന്റ്	01-04-2020	11-07-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	പ്രസിഡന്റ്	11-07-2020	20-12-2020
ശ്രീമതി. ശില്പ സുധീഷ്	പ്രസിഡന്റ്	21-12-2020	31-03-2021
ശ്രീ. എൻ.എം.മോഹനൻ	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എൻ.എ.സുരേഷ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി.സന്ധ്യ.പി.ബി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	10-08-2020

ശ്രീ. സുഭാഷ്	അസിസ്റ്റന്റ് എഞ്ചിനീയർ	10-08-2020	31-03-2021
ഡോ.ആശാലത	വെറ്റിനറി സർജൻ	01-04-2020	16-09-2020
ഡോ.എൽദോ പി വർഗ്ഗീസ്	വെറ്റിനറി സർജൻ	16-09-2020	31-03-2021
ഡോ.ലത.പി.കെ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	31-03-2021
ഡോ. ഇ.സൈനബ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി,	01-04-2020	31-03-2021
ശ്രീമതി. റഫീന ബീവി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
ശ്രീമതി. പൊന്നമ്മ. വി.ബി	ഹെഡ്മിസ്ട്രസ് ,GLPS വേങ്ങൂർ	01-04-2020	31-05-2020
ശ്രീ.ബിജു.പി.ആർ	ഹെഡ്മിസ്ട്രസ് ,GLPS വേങ്ങൂർ	31-05-2020	20-01-2021
ശ്രീമതി. സരള.കെ.യു	ഹെഡ്മിസ്ട്രസ് ,GLPS വേങ്ങൂർ	01-01-2020	31-03-2021
ശ്രീമതി. സിജിമോൾ.എ.എൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2020	24-11-2020
ശ്രീമതി. രമ്യകെ.എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	25-11-2020	31-03-2021
ശ്രീ. ഫിലിപ് ജി. കാണാട്ട്	കൃഷി ഓഫീസർ	01-04-2020	08-07-2020
ശ്രീ, നിതീഷ്ബാബു.എം.	കൃഷി ഓഫീസർ	08-07-2020	31-03-2021
ശ്രീ. മുകുൾ എസ്.വി.	വി.ഇ.ഒ. (കൊമ്പനാട്)	01-04-2020	31-03-2021
ശ്രീ. പ്രശോഭ് കെ.പി.	വി.ഇ.ഒ.(വേങ്ങൂർ)	01-04-2020	31-03-2021

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു	1-1-1
3	ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല	1-1-2
4	വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ	1-2-1
5	വാർഷിക ധനകാര്യപത്രിക	1-2
6	സാമ്പത്തിക വിശകലനം	1-3
7	ഗ്രാന്റ് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമ പദ്ധതികൾ	1-7
11	ക്യാഷ് വെരിഫിക്കേഷൻ	1-8
12	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
13	ഗ്രാമസഭ	1-10
14	ആഭ്യന്തര നിയന്ത്രണം	1-11
15	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ	1-12
16	ലേല നടപടികൾ സ്വീകരിക്കുന്നില്ല	1-13
17	രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-14
18	സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-15
19	സ്കൂളുകളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-16
20	മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല	1-17
21	ചെലവ് വിവരം ലഭ്യമായില്ല	1-18
22	കുഴൽക്കിണർ സ്ഥാപിക്കുന്നതിന് മുൻകൂർ തുക നല്കി- പഞ്ചായത്തിന്റെ അനുമതി ഇല്ലാത്തതിനാൽ പണി പൂർത്തീകരിച്ചിട്ടില്ല.	1-19
23	മരുന്ന് ലഭ്യമായില്ല	1-20

24	എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമാണം പൂർത്തീകരിക്കേണ്ടതാണ്	1-21
25	ന്യൂട്രിമിക്സ്- ജിഎസ് ടി നൽകിയത്	1-22
26	അഗതി രഹിത പദ്ധതി-ഭക്ഷ്യക്കിറ്റ് വിതരണത്തിൽ ഒതുങ്ങുന്നു	1-23
27	അഗതി മന്ദിരം നിഷ്ക്രിയാസ്തിയായി തുടരുന്നു	1-24
28	സന്നദ്ധസംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് സഹായം - പി.എം.സി. (പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി) അംഗീകാരം തേടിയില്ല	1-25
29	കന്നുകുട്ടി പരിപാലനം-ചെലവാകാതെ അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.	1-26
30	മുൻകൂർ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല.	1-27
31	പ്രൊക്യുർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല	1-28
32	വിവരാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നില്ല.	1-29
33	ദുരിതാശ്വാസ നിധി	1-30
34	ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു.	1-31
35	രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു	1-32
36	നായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല	1-33
37	എ ബി സി പ്രോഗ്രാം - നടത്തിപ്പിലെ അപാകതകൾ	1-34
38	വിതരണ രേഖകളുടെ അഭാവം - ചെലവ് തുക തടസ്സപ്പെടുത്തുന്നു.	1-35
39	കോവിഡ്-19 -പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം സംബന്ധിച്ച്	1-36
40	ഓഡിറ്റ് എൻകൗയറി നൽകിയതിനെ തുടർന്ന് തുക തിരിച്ചടച്ചതിന്റെ വിവരം	1-37
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-1

2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 19.03.2020 തീയതിയിൽ ചേർ
യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരി
വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള
കരട് ബജറ്റ് ഭരണസമിതിയുടെ 23.03.2020 തീയതിയിലെ 1(1) നമ
തീരുമാനപ്രകാരം ഭേദഗതികളൊന്നുമില്ലാതെ
അവതരിപ്പിക്കുകയുണ്ടായി. ഭരണസമിതിയുടെ 23.03.20
തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റി
അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ
ചേർക്കുന്നു.

	ബജറ്റ് പ്രകാരം
മുൻബാക്കി	2407191
വരവ്	217085000
ആകെ	219492191
ചെലവ്	216022900
നീക്കി ബാക്കി	3469291

1-1-1 വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുക
പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലി
അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

	ബജറ്റ്	യഥാർത്ഥ വരവ് -ചെലവ്
വരവ്	217085000	130622131 (മുൻബാക്കി ഒഴികെ)
ചെലവ്	216022900	119485114

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വര
ചെലവുകളുടെ പകുതി ശതമാനത്തിലും കുറവാണ്. ബജറ്റ് വര
ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ
വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്
യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതി
ശ്രദ്ധിക്കേണ്ടതാണ്.

1-1-2 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖക ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലി സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പി രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

.

1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ സംബന്ധി 17.12.2021ൽ നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻകയറി ഹാജരാക്കിയ മറുപടി കൂടി പഗണിച്ചാണ് പരാമർശ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങള കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാ അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2020-21കാലയളവിലെ "Net Increase Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11,137,017. /-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Ca Generated By Operating+Investing+Financing Activity" ആ രേഖപ്പെടുത്തിയിരിക്കുന്നത് 9,147,542.00/- രൂപയാ അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പി സ്റ്റേറ്റ്മന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നി സോഫ്റ്റ്വെയറിലെ അപാകതമൂലം ആണെന്ന പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും പഞ്ചായത അറിയിച്ചു.

3) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന് കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമാ പൊരുത്തപ്പെടുത്തുന്നതിനായി 36293/- രൂപ റസിഡെൻഷ്യ വസ്തുനികുതി ഇനത്തിലും 18399/- രൂപ നോൺ റസിഡെൻഷ്യ വസ്തുനികുതി ഇനത്തിലും ബുക്ക് അഡ്ജസ്റ്റ്മന്റ് നടത്തിയതാ കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ച അഡ്വാൻസ് കളക്ഷനി

ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശ
ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകേണ്ടത് സഞ്ച
സോഫ്റ്റ്വെയറിൽ നിന്നാണെന്നും അത് ലഭ്യമാക്കാൻ ഐ കെ എ
ന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

4) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 25 ഹെഡുകളിലായ
ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റ
ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ള
വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയ
ഡിപ്രിസിയേഷൻ അദർ ഫിക്സ്ഡ് അസറ്റ് എന്ന ഹെഡിലാ
ചേർത്തിരിക്കുന്നത്. സോഫ്റ്റ്വെയറിൽ അതിനുള്ള സംവിധാ
ഇല്ലാത്തതിനാലാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

5) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിൽ നീക്കിയിരി
ഇല്ല. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്
വെഞ്ചർ പദ്ധതികൾക്കായി 1543402/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇ
തുകകൾ SCB Own Fund ലും LGTSB Own Fund ലും ആണെന്നാ
മറുപടിയിൽ അറിയിച്ചിരിക്കുന്നത്. മുൻ വർഷങ്ങളിൽ ലഭിച്ച തു
വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ അത
ഹെഡ്ഡുകളിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

6) ഗ്രാന്റ് വിനിയോഗ പത്രികയിലെ അലോട്ട്മെന്റ് തുകക
അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ അലോട്ട്മെന്
തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ
രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8) ഇടപാടുകളില്ലാതെ ബാങ്ക് ഓഫ് ഇന്ത്യയിൽ നിലനിൽക്കുന്ന അഗര
സാക്ഷരത ഇനങ്ങൾക്കായുള്ള അക്കൌണ്ടുകൾ ക്ലോസ് ചെയ്തിട്ടി
ഇവ ക്ലോസ് ചെയ്യുന്നതിന് നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാലാ
നിലനിർത്തിയിരിക്കുന്നതെന്നാണ് പഞ്ചായത്ത് അറിയിച്ചത്.

9) ബി -4 ഷെഡ്യൂൾ പ്രകാരം മത്സ്യ ക്ലബിനായി ഫിഷറീസ് വകുപ്പി
നിന്ന് ലഭിച്ച തുകയിൽ 1032/- രൂപ ക്രമീകരിക്കാ
അവശേഷിക്കുന്നു. വകുപ്പിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്
തിരിച്ചടയ്ക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

10) 2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ
നടത്തിയ180/20 എന്ന പദ്ധതിയുടെ ബിൽ ഡിസ്കൌണ്ട് സിസ്റ
മുഖാന്തിരം പേമെന്റ് നടത്തിയ 667842/- രൂപയുടെ ചെല
സുലേഖയിലും വാർഷിക ധനകാര്യപത്രികയില
ക്രമീകരിക്കാത്തതിനാൽ തൻവർഷവുംഅപ്രോപ്രിയേഷ
കൺട്രോൾ രജിസ്റ്റർപ്രകാരം സംരക്ഷണ ഗ്രാന്റ്-റോഡ് ഇനത്തി
ചെലവ് തുകയിൽ അപാകത നിലനിൽക്കുന്നു. അധികം നൽകി

തുക സർക്കാരിലേക്ക് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കി ഇ പരിഹരിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2021	27.04.2021

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കുകളു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്		13673902.00
ഓഡിറ്റ് വർഷത്തെ വരവ്	:	130622131.00
ആകെ		144296033.00
ഓഡിറ്റ് വർഷത്തെ ചെലവ്	:	119485114.00
നീക്കിയിരിപ്പ്		24810919.00
വരവിനങ്ങളിലുള്ള നഷ്ടം	:	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1972024.00

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്	ചെലവഴിക്കാതെ ലാപ്സാ തുക
വികസന ഫണ്ട് (ജനറൽ)	0	24823170	24823170	23057689	0	17654
വികസന ഫണ്ട് (എസ്.സി.പി)	0	4586333	4586333	4190085	0	3962
വികസനഫണ്ട് (ടി.എസ്.പി)	0	882091	882091	657080	0	2250
സംരക്ഷണ ഗ്രാന്റ (റോഡ്)	0	25896000	25896000	25549185	0	3468
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	6799523	6799523	6718045	0	814
ധനകാര്യകമ്മീഷൻ അവാർഡ് (Untied)	0	23705429	23705429	14461505	0	92439
ധനകാര്യകമ്മീഷൻ അവാർഡ് (Tied)	0	9780000	9780000	3567794		62122
PBIG 320300103	0	2079863	2079863	0	2079863	
ദുരിതാശ്വാസ നിധി	14775	538540	553315	121555	431760	
കേന്ദ്രാവിഷ്കൃതഫണ്ട്-അങ്കണവാടി പൂരക പോഷകാഹാരം 320100121	1079765	675832	783797	766982	988615	
സാനിട്ടേഷൻ	66142	0	66142	0	66142	

320100115						
RGPSA 320100199	24077	0	24077	0	24077	
സാക്ഷരത 320200309	5610	0	5610	0	5610	
NPRD (ബഡ്ജ് ഗ്രാന്റ്) 320100127	248157	1359372	1607529	345388	1262141	
സംസ്ഥാനാ വിഷ്കൃതഫണ്ട്-						
വിമുക്തി ഫണ്ട് 320300199	387186	1383357	1770543	1123357	647186	
NABARD 320200321	3000	0	3000	0	3000	
ശുചിത്വമിഷൻ 320200322	2933479	150000	3083479	968385	2115094	
320200203 ഫിഷറീസ് (മത്സ്യ ക്ലബ്)	1032	0	1032	0	1032	
ലൈഫ് -സംസ്ഥാന വിഹിതം 320200399	2100000	8928409	7500000	5513822	5514587	

ഫണ്ടിനം	ജി ഒ പ്രൊജക്ട് തുക	ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക
വികസന ഫണ്ട് (ജനറൽ)	2412341	777493
വികസന ഫണ്ട് (എസ്.സി.പി)	600667	248000
വികസന ഫണ്ട് (ടി.എസ് .പി)	117020	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	9474193
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	2059342
ധനകാര്യ കമ്മീഷൻ അവാർഡ്	0	14347326

ജി ഒ പ്രൊജക്ട്, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക എന്നിവ ചേർത പഞ്ചായത്ത് ഗ്രാന്റ് വിനിയോഗിച്ചതിന്റെ ശതമാനം താ കൊടുക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ് പ്രകാരം വരവ്	ചെലവ്	ചെലവഴിക്കാതെ ലാപ്സായ തുക	ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം
വികസന ഫണ്ട്	27235511	25470030	1765481	6.48%

(ജനറൽ)				
വികസന ഫണ്ട് (എസ്.സി.പി)	5187000	4790752	396248	7.63%
വികസനഫണ്ട് (ടി.എസ്.പി)	999111	774100	225011	22.52%
സംരക്ഷണ ഗ്രാന്റ് (റോഡ്)	25896000	25549185	346815	1.33%
സംരക്ഷണ ഗ്രാന്റ (റോഡിതരം)	6799523	6718045	81478	1.19%
ധനകാര്യ കമ്മീഷന്റ അവാർഡ്	33485429	18029299	15456130	46.15%

ബജറ്റ് പ്രകാരം പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് തുകകളു
വിനിയോഗം പരിശോധിച്ചാൽ സംരക്ഷണ ഗ്രാന്റ് തുകക
98ശതമാനത്തോളം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട
വിലയിരുത്താം. വികസന ഫണ്ട് സാധാരണ വിഹിതവും എസ് സ
പിയും 90 ശതമാനത്തിലധികം ചെലവഴിക്കാൻ സാധിച്ചിട്ടുണ
ധനകാര്യ കമ്മീഷൻ തുക 46 ശതമാനത്തോളം ചെലവഴിക്കാ
നഷ്ടപ്പെടുത്തിയെന്നുള്ള കാര്യം ഭരണസമിത
ഗൗരവത്തിലെടുക്കേണ്ടതാണ്. ധനകാര്യ കമ്മീഷൻ തു
കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനുതകുന്ന തരത്തി
പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്
വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
257	167813762	196	103374309	5	56	76.26%

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	92380	1333701	1426081	1326828	992
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത		29182248	29182248	29182248	
ആകെ	92380	30515949	30608329	30509076	992

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേ
പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	10560	15
കർഷകതൊഴിലാളി പെൻഷൻ	15464700	1066
വിധവാപെൻഷൻ	11465500	798
വാർദ്ധക്യകാലപെൻഷൻ	22185700	1683
വികലാംഗപെൻഷൻ	4036600	276
അവിവാഹിത-50 വയസ്സിന് മുകളിൽ	769900	52
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	90000	3

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14713/- രൂ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27.01.2020	01.10.2019 മുതൽ 31.12.2019 വരെ	27.01.2020
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.01.2014 മുതൽ 22.01.2014 വരെ	2006-07 മുതൽ 2012-13 വരെ	26.02.2014

.

1-10 ഗ്രാമസഭ

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ 2020-21 ൽ ഗ്രാമസഭക ചേർന്നിട്ടില്ല.

1-11 ആഭ്യന്തര നിയന്ത്രണം

വേങ്ങൂർ പഞ്ചായത്തിൽ സേവനമാവശ്യപ്പെട്ട് വരുന്ന ജനങ്ങൾക സൗകര്യപ്രദമായ രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാന ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി, വർക്ക് ഡിസ്ട്രിബ്യൂഷ രജിസ്റ്റർ എന്നിവ രേഖപ്പെടുത്തലുകൾ കൃത്യമായി നടത സൂക്ഷിക്കുന്നുണ്ട്.

വൗച്ചറുകളുടെ സൂക്ഷിപ്പ്

2020-21 വർഷത്തെ വൗച്ചറുകൾ എല്ലാംതന്നെ ഓഡിറ്റിന് ലഭ്യമാക്ക ബിൽ രജിസ്റ്റർ വിവരങ്ങളെല്ലാം രേഖപ്പെടുത്തി മികച്ച രീതിയി സൂക്ഷിക്കുന്നുണ്ട്.

തൊഴിൽ നികുതി – രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ .

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനങ്ങളിൽ പ്രധാനപ്പെ ഒരിനമാണ് തൊഴിൽ നികുതി. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തി അവശ്യം വേണ്ട ഒന്നാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്ക സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ ക്രമമല്ല. കൂടാതെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വരുമാ പത്രികകൾ ക്രമമായി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തി അർഹതപ്പെട്ട തനത് വരുമാനം ലഭ്യമാകുന്നുണ്ടെന്ന് ഉറ വരുത്തുന്നതിനും വരുമാന വർദ്ധനവിന് സാധ്യതകളുണ്ടോ എ നിരീക്ഷിക്കുന്നതിനും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതി ശ്രദ്ധിക്കേണ്ടതാണ്.

ഒ.ഡി.സി. പരിപാലനം

രസീത് പ്രകാരമുള്ള കളക്ഷൻ തുകകൾ ഒ.ഡി.സി.രജിസ്റ്ററുകളി ചേർക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്. ആയതിനാൽ തു പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിലും വ്യത്യിയാനങ്ങ വന്നിട്ടുണ്ട്. രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന തുകയും യഥാർത കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര നിലനിൽക്കുന്നു. ഈ അപാകത പരിഹരിക്കേണ്ടതാണ്.

ആദ്യം വിതരണം ചെയ്ത രസീത്ബുക്ക് ഉപയോഗിക്കാതിരിക്കെ തന വീണ്ടും മറ്റൊന്ന് വിതരണം ചെയ്തു.

രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, 15.2.21 പഞ്ചായത്തിലെ ഒരു ജീവനക്കാരന് 48180 നമ്പർ രസീത് ബുക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ രസീതുകൾ പരിശോധിച്ചതി പ്രസ്തുത രസീത് ബുക്ക് പ്രകാരമുള്ള വരവൊന്ന രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഈ ജീവനക്കാരന്റേതായിട്ട് മറ്റ് ര രസീത് ബുക്കുകൾ പ്രകാരമുള്ള തുകകൾ വരവ് വന്നിട്ടുമു ഇതിന്റെ കാരണം ആരാഞ്ഞതിൽ, 48180 നമ്പർ രസീത് ബുക് നിലവിലും ഉപയോഗിക്കാതെ വച്ചിട്ടുള്ളതായി മറുപടി നൽക വിതരണം നടത്തിയ രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ചു എ ബോധ്യപ്പെട്ടതിന് ശേഷം മാത്രം അടുത്ത രസീത് ബുക്ക് വിതരണ നടത്തുന്നുള്ളു എന്ന് സ്റ്റോക്ക് രജിസ്റ്ററിന്റെ കസ്റ്റോഡിയൻ ഉറ വരുത്തേണ്ടതാണ്. ഇനിയും ഉപയോഗിച്ചിട്ടില്ലാത്ത പ്രസ്തുത ബുക് സ്റ്റോക്ക് രജിസ്റ്ററിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറിയു സാക്ഷ്യപ്പെടുത്തലോടുകൂടി ഉപയോഗയോഗ്യമാക്കേണ്ടതാണ്.

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്ക മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നത് സംബന്ധിച്ച ഭേദഗ ഉത്തരവ് നടപ്പാക്കുന്നതിന് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല.1996 കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമാ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽക ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തര പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും ഭേദഗതി ഉത്തരവ് പ്രകാ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് ത തിരിച്ച് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവ നിരക്ക് നിശ്ചയിച്ചിക്കാവുന്നതാണ്. ലൈസൻസ് അപേക്ഷക പരിശോധിച്ചതിൽ എന്തടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയതെ വ്യക്തമല്ല. മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ നിശ്ചയിക്കുന്നതിന് നാളിതുവരെ പഞ്ചായത്ത് കമ്മി തിരുമാനമെടുത്തിട്ടില്ല (എൻകൃയറി നം-22/18.12.2021) ഭേദഗ ഉത്തരവ് പ്രാബല്യത്തിലായി രണ്ട് സാമ്പത്തിക വർഷം പിന്നിട്ടി ആയത് നടപ്പാക്കുവാൻ തീരുമാനമെടുക്കാതിരുന്നത് പഞ്ചായത കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന ഇത് പഞ്ചായത്തിന്റെ ആഭ്യന്തര സംവിധാനത്തിലെ പോരായ്മയാ മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക II ന് വിധേയമാ പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയി ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാ എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ അനിവാ ചുമതലയിൽപെട്ട ജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ അപകടകരമോ, അസഹ്യമോ ആയേക്കാവുന്ന വ്യവസായങ്ങ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കു നിയമങ്ങളും, നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ലേല നടപടികൾ സ്വീകരിക്കുന്നില്ല

പഞ്ചായത്ത് പുറംപോക്കിൽ നിന്നിരുന്ന **6** തേക്ക് മരങ്ങ ശ്രീ.ബാബുതോമസ്, ഇഞ്ചക്കൽ, മേക്കപ്പാല എന്നയാ അനധികൃതമായി മുറിച്ചെടുത്തിരുന്നതിന്റെ വിൽപന പഞ്ചായത ഇടപെട്ട് തടയുകയും ഇവ എറണാകുളം ജില്ല അസി. ഫോറ കൺസർവേറ്ററെക്കൊണ്ട് വില നിർണ്ണയിപ്പിക്കുകയും ചെയ്തിരുന ഇതിൻപ്രകാരം ₹**56695**/-വില നിർണ്ണയം നടത്തിയ പ്രസ്തുത തടിക ശ്രീ.ബാബുതോമസിനെ തന്നെ കൈച്ചീട്ട് നൽകി സൂക്ഷിക്കാ ഏൽപിച്ചിട്ടുണ്ട്. ഇവ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേ

മുതൽക്കൂട്ടുന്നതിന് **17.6.19** നൽ നടന്ന ജനറൽ കമ്മി
തീരുമാനിക്കുകയും, സെക്രട്ടറിയെ ഇതിനാ
ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ പിന്നീട് ഓഡിറ്റ് തീയ
വരെ ഇതിന്മേൽ തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇതുമാ
ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. **8/13.12.2**
കോവിഡിന്റെ പശ്ചാത്തലത്തിൽ ലേലം നടത്താൻ സാധിച്ചില്ല എ
മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ വിവിധ ഉദ്ദേശ്യങ്ങൾക്കാ
2019-20 വർഷത്തിൽ 4 ഉം, 2020-21 വർഷത്തിൽ 7ഉം ലേലങ്ങ
ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ളതായി ലേല രജിസ്റ്ററി
രേഖപ്പെടുത്തലുണ്ട്. അതിനാൽ ഓഡിറ്റിന് സമർപ്പിച്ച മറുപ
സ്വീകാര്യമല്ല. മരം മുറിച്ചിട്ടിട്ട് എത്ര കാലമായി എന്നതിന് കൃത്യമാ
ഒരു മറുപടി പോലും ലഭ്യമാക്കാനാവാത്ത അവസ്ഥയാ
നിലവിലുള്ളത്. മരത്തടികൾ കാലപ്പഴക്കത്തിനാ
ജീർണ്ണിക്കുന്നതിന് സാധ്യതയുള്ളതിനാൽ അവ ഇപ്പോഴും ലേ
നടത്താതെ ഇട്ടിരിക്കുന്ന നടപടി സാധൂകരിക്കാനാവില്ല. എത്രയ
പെട്ടെന്ന് ലേലം നടത്തി അതിലൂടെ ലഭിക്കുന്ന തുക പഞ്ചായത്തിന്
തനത് വരുമാനത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടിക
സ്വീകരിക്കേണ്ടതാണ്.

1-14 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല.

രസീത് ബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൌ
രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2.പിരിച്ചെടുത്ത തുക കളക്ഷൻ രജിസ്റ്ററിൽ ശരിയാ
രേഖപ്പെടുത്തുന്നില്ല.

പല രസീതുകളിലും പിരിച്ചെടുത്ത തുക തെറ്റായി കളക്ഷ
രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ബുക്ക് നമ
48186/06.12.2021 ലെ രസീത് നം.83 പ്രകാരം പിരിച്ചെടുത്ത തുക 52
രൂപയാണ്. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള
820/-രൂപയാണ്. മാത്രമല്ല ഒരേ തുക തന്നെ ഒന്നിലധികം തവ
രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. രസീത് പ്രകാ
പിരിച്ചെടുത്ത തുക ശരിയായി രേഖപ്പെടുത്തി പഞ്ചായത്തി
അടവാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-15 സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി	സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ (165/21)
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹250000/-

ചെലവ്	₹242104/-
ഫണ്ടിനം	പൊതുവിഭാഗം സാധാരണ വിഹിതം
ബ്ലിൽ നം./ തീയതി	260/7.1.2021

മേൽ പദ്ധതി പ്രകാരം ഒരു പാക്കറ്റിന് ₹16.70 നിരക്കിൽ 9396 ഷീ പാ സാനിറ്ററി നാപ്കിനുകൾ, ₹17380/- നിരക്കിൽ 2 അലമാര, ₹2516 നിരക്കിൽ 2 ഇൻസിനറേറ്ററുകൾ എന്നിവ വിതരണം ചെയ്യുന്നതിനാ കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപറേഷ കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള വിനിയോ സാക്ഷ്യപത്രം ഫയലിൽ ഉൾച്ചേർത്തിട്ടുണ്ടെങ്കിലും, ഈ സാധനങ്ങ വിതരണം നടത്തിയതിന്റെ രേഖകൾ, കൈപ്പറ്റിയ സ്കൂളുകളി നിന്നുള്ള സാക്ഷ്യപത്രങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമായിട്ടി ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയറി (ന 6/12.12.21_നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. രേഖകളു അഭാവത്തിൽ പദ്ധതിച്ചെലവ് ₹242104/- തടസ്സപ്പെടുത്തുന്നു.

1-16 സ്കൂളുകളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി	സ്കൂളുകളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, (134/21)
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹200000/-
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് - റോഡിതരം
ചെലവ്	₹80720/-
ബ്ലിൽ നം./ തീയതി	47/11.4.2020

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പ്രകാരം ₹12454.8 നിരക്കിലുള്ള 6 പ്രിന്ററുകൾക്ക് ആകെ ₹74729/- യും, ഇതിന ടി.എസ്.പി. ചാർജിനത്തിൽ (4%) ₹2989/-യും ഉൾപ്പെടെ ആകെ ₹7771 കെൽട്രോണിലേക്ക് ചെലവഴിച്ചിട്ടുള്ളതിന്റെ വിവരങ്ങളാ ഓഡിറ്റിന് ലഭ്യമായിട്ടുള്ളത്. പദ്ധതിയുടെ ആകെ ചെലവ് ₹8072 ആണെന്നിരിക്കെ ₹3002/- ന്റെ ചെലവ് വിവരങ്ങൾ കൂടി ഓഡിറ്റി ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ, വാങ്ങിയ ഉപകരണങ്ങൾ ഏതെല്ലാ സ്കൂളുകളിലേക്ക് വിതരണം നടത്തി എന്നതിന്റെ വിവരവു ഉപകരണങ്ങൾ കൈപ്പറ്റിയവരിൽ നിന്നുള്ള സാക്ഷ്യപത്രങ്ങള ലഭ്യമായില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയ (നം4/12.12.21)നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഒരു പ്രിന്റ മാത്രമാണ് ലഭ്യമായതെന്നും, പ്രോജക്റ്റിന്റെ നടത്തിപ്പിലൂടെ ₹300 അധികമായി കെൽട്രോണിന്റെ കൈവശം ശേഷിക്കുന്ന

ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നുമുള്ള മറുപടിയാ
ലഭ്യമാക്കിയത്. എന്നാൽ വിതരണം നടത്തിയ ഒരു പ്രിന്ററിന്
വിതരണ രേഖകളുടെ അഭാവത്തിലും മറ്റുള്ളവ ഇതുവ
ലഭ്യമാകാത്തതിനാലും പദ്ധതിച്ചെലവ് ₹80720/- ഓഡിറ്റി
തടസ്സപ്പെടുത്തുന്നു.

1-17 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷം ആരോഗ്യ ജാഗ്ര
പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയ
വാർഡ് തല സാനിട്ടേഷൻ സമിതികൾക്ക് വാർഡൊന്നിന് ₹1000
വീതംആകെ ₹150000/- കൈമാറിയിട്ടുണ്ട്. ഈ തു
വിനിയോഗിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാ
ആവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി(നം.11/12.12.2021) നൽകിയതി
ലഭിച്ച മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥ മുഴുവൻ തുകയ
ചെലവഴിച്ചതായി അറിയിച്ചുകൊണ്ട് ഒരു കത്താണ് നൽകിയ
ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച തുകയു
വിശദമായ വിവരം ഹാജരാക്കിയില്ല. ചെലവഴിച്ച തുകയു
വൌച്ചറുകളോ, അനുബന്ധ രേഖകളോ ഹാജരാക്കാതിരുന്ന
ശരിയായ നടപടിയല്ല. ആയതിന്റെ അഭാവത്തിൽ ചെലവ് തു
₹150000/- തടസ്സപ്പെടുത്തുന്നു.

1-18 ചെലവ് വിവരം ലഭ്യമായില്ല

പ്രോജക്ട്	1)അങ്കണവാടി ജീവനക്കാരുടെ വേതനം (126/21)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	1)₹335800/- വികസനഫണ്ട് ജനറൽ
ചെലവ് വിവരം (ബിൽ നം,തീയതി)	1)₹335800/- (11/20-21)

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലെ ജീവനക്കാർ
ഓണറേറിയം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്റ്റ് പ്രകാ
ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായി
എത്ര ജീവനക്കാർക്ക് എത്ര മാസങ്ങളിലെ തുകയാണിത് എന്നതിന്
കണക്കും, ബന്ധപ്പെട്ട വകുപ്പിൽ നിന്നും തുക ആവശ്യപ്പെട്ടതിന്
രേഖകളും പരിശോധനയ്ക്ക് ലഭിച്ചില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡ്
എൻകുയറി (നം. 24/20.12.21) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിനെ സാധൂകരിക്കുന്ന എ
രേഖകളും ഫയലിൽ സൂക്ഷിക്കുകയും അവ ഓഡിറ്റി

സമർപ്പിക്കുകയും ചെയ്യേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ₹335800/- ചെല തടസ്സത്തിൽവെയ്ക്കുന്നു.

1-19 കുഴൽക്കിണർ സ്ഥാപിക്കുന്നതിന് മുൻകൂർ തുക നല്കി പഞ്ചായത്തിന്റെ അനുമതി ഇല്ലാത്തതിനാൽ പണി പൂർത്തീകരിച്ചിട്ടില്ല.

2016-17 വർഷത്തെ പദ്ധതിയിൽപ്പെടുത്തി 7 വാർഡുകളിൽ കുഴൽക്കിണർ സ്ഥാപിക്കുന്നതിന് വേണ്ടി പഞ്ചായത്ത് ഭൂജ വകുപ്പിൽ ₹334000/- ഡെപ്പോസിറ്റ് ചെയ്തിരുന്നു. അതേ വർഷം തന്നെ കുഴൽക്കിണറുകൾ സ്ഥാപിച്ചു. സ്ഥലവുമായി ബന്ധപ്പെട്ട് തർക്കങ്ങ നിലനിൽക്കുന്നതിനാൽ ബാക്കി 4 എണ്ണത്തിന് പഞ്ചായത്ത് അനുമത ലഭ്യമാക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണെന്ന് ഭൂജല വകുപ്പിൽ നിന്നും 06.07.2019ൽ കത്ത് ലഭിച്ചു. 9.8.19 ൽ നടന്ന പഞ്ചായത്ത കമ്മിറ്റിയിൽ ഇതിന് അനുമതി കൊടുക്കുന്നതിന് പഞ്ചായത്ത് കമ്മി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് യാതൊരു നടപടിയും ഓഡി തീയതി വരെ ഉണ്ടായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡി എൻകപയറിക്ക് (നം. 8/13.12.21) കുഴൽക്കിണർ സ്ഥാപിച്ചിട്ടില്ല എ മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതികളുടെ നടത്തിപ്പിനാ നിർവ്വഹണ ഏജൻസികളെ മുൻകൂറായി തുകകൾ ഏല്പിക്കുകയു പിന്നീട് അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കാതിരിക്കുകയ ചെയ്യുന്നത് ശരിയായ നടപടിയല്ല. നിലവിലെ സാഹചര വിലയിരുത്തി, കുഴൽക്കിണറിന്റെ ആവശ്യമുള്ള പക്ഷം അ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം മുൻകൂർ നൽകിയ തുക തിരി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്

1-20 മരുന്ന് ലഭ്യമായില്ല

പദ്ധതി	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, (206/21)
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹275000/-
ചെലവ്	₹275000/-
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് റോഡിതരം
ബിൽ നം./ തീയതി	284/13.1.2021

മേൽ പ്രോജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേഷൻ ലിമിറ്റഡിന് മരുന്ന് ലഭ്യമാക്കുന്നതിനായി മുൻകൂറാ തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹15750/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലഭ്യമാക്കാൻ ബാക്

നിൽക്കുന്ന മരുന്നിന്റെ മതിപ്പുചെലവ് ₹259250/-രൂപ ഓഡ് തടസ്സപ്പെടുത്തുന്നു.

1-21 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമാണം പൂർത്തീകരിക്കേണ്ടതാണ്

പ്രോജക്ട്നം പേര	96/21 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ	1200000 (എസ്.സി.പി)
ചെലവ്	375000
ബിൽ നമ്പർ	1)BRN3565/5.2.21,150000/- 2)BRN-2956/15.3.21, 75000/- 3)BRN-5573/16.3.21, 50000/- 4)BRN-5569/16.3.21, 50000/- 5)BRN-7293/22.3.21, 50000/-
നിർവഹണം	അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം ചെയ്ത മേൽ പ്രോജക്ട് മുഖേ തൻവർഷം കരാറിൽ ഏർപ്പെട്ട അഞ്ച് ഗുണഭോക്താക്കൾക പഠനമുറി നിർമിക്കുവാൻ താഴെപ്പറയും പ്രകാരം ധനസഹായ അനുവദിച്ചിരുന്നു.

ക്രമനം	ഗുണഭോക്താവിന്റെ പേര്, കെട്ടിട നം	കരാർ തീയതി	കൈപ്പറ്റിയ തുക
1	കുമാരിഅയ്യപ്പൻ, പുളിഞ്ചോട്ടിൽ, നെടുങ്ങപ്ര 8/258	22/1/21	100000/- (അഡ്വാൻസ് +ഒന്നാംഗഡു)
2	സേതുകൃഷ്ണ, പീടികക്കുടിയിൽ, ഇരിങ്ങോൾ 15/169 A	3/2/21	125000/- (അഡ്വാൻസ് +ഒന്നാംഗഡു)
3	അനഘ.കെ.എസ്, കരടിച്ചിറ, കൊമ്പനാട് 14/164 A	5/2/21	50000/- (അഡ്വാൻസ്)
4	ദേവികകൃഷ്ണൻ, കൊറവക്കാട്ടുകുടി, 15/324 C	24/2/21	50000/- (അഡ്വാൻസ്)
5	ആര്യകല.പി.എസ്, പൂപ്പണിക്കുടി 10/110 B	12/2/21	50000/- (അഡ്വാൻസ്)

മേൽ ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിച്ചെങ്കിൽ പ്രസ്തു വിവരവും ഇല്ലെങ്കിൽ നിലവിലെ സ്ഥിതിയ അറിയിക്കുവാനാവശ്യപ്പെട്ടുള്ള എൻകയറിക്ക് മറുപടിയായ (നം-10/15.12.21) 2020-21വർഷം ഒരു ഗുണഭോക്താവ് പോലും പണ പൂർത്തിയാക്കാത്തതിനാൽ ടി പ്രോജക്ട് 2021-22 സാമ്പത്തിക വർഷ സ്സിൽ ഓവറായി ഉൾപ്പെടുത്തുകയും (219/21-22) ക്രമ നം 1, 2, 4, 5 എന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചുവെന്നും അസിസ്റ്റന്

എൻജിനീയറുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തി
ഫൈനൽ പേയ്മെന്റ് നൽകിയതായും രേഖകൾ സഹിത
അറിയിച്ചു. എന്നാൽ ക്രമ നം -3 അനഘ.കെ.എസ്. എ
ഗുണഭോക്താവിന്റെ പഠനമുറി നിർമാണ
അവസാനഘട്ടത്തിലാണെന്നാണ് അറിയിച്ചിട്ടുള്ളത്. പഠനമുറിയു
വാർക്ക കഴിഞ്ഞുവെന്നുള്ള എൽ.എസ്.ജി.ഡി ഓവർസിയറു
റിപ്പോർട്ടിന്റെ (തീയതി- 3.8.21) അടിസ്ഥാനത്തിൽ ടിയാരി 219/21-
നമ്പർ പ്രോജക്ട് മുഖേന 75000/-രൂപ ഒന്നാം ഗഡുവാ
കൈപ്പറ്റിയിട്ടുമുണ്ട്. പ്രസ്തുത ഗുണഭോക്താവിന്റെ പഠനമു
നിർമാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടിക
സ്വീകരിക്കേണ്ടതും നിർമാണം പൂർത്തീകരിക്കുന്ന മുറയ്
വിവരമറിയിക്കേണ്ടതുമാണ്.

1-22 ന്യൂട്രിമിക്സ്- ജിഎസ് ടി നൽകിയത്

പ്രോജക്ട്നം, പേര്	89/21 അംഗൻവാടിപോഷകാഹാരം
അടങ്കൽ	2277958/- 1300000- വികസനഫണ്ട് 977958-കേന്ദ്രവിഹിതം
ചെലവ്	2066982/- 1300000-വികസനഫണ്ട് 766982- കേന്ദ്രവിഹിതം
ബിൽ.നം, തീയതി, തുക	1)2/20-21,30.6.20-376031/-
	2) 3/20-21, 30.7.20-15224/-
	3)4/20-21, 24.8.20-217255/-
	4)5/20-21, 30.8.20-62352/-
	5)6/20-21,20.10.20-165376/-
	6)7/20-21, 20.10.20-9478/-
	7)8/20-21,20.10.20-153938/-
	8)10/20-21, 30.10.20-9036/-
	9)12/20-21,30.10.20-12634/-
	10)13/20-21,30.10.20-209441/-
	11)14/20-21, 12.1.21-9698/-
	12)15/20-21,12.1.21- 59537/-
	13)SBI447862,11.1.21-86558/-
	14)SBI447863,11.1.21-214957/-
	15)SBI-447879,22.3.21-96502/-
	16)SBI447880,22.3.21-350156/-
	17)SBI-447881,24.3.21 18809/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ മേൽ പദ്ധതിയു
ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ
പോഷകപ്പൊടിയും (സഫല) വിതരണം ചെയ്തത് ഒജ്യൂസ് ന്യൂട്രിമി

ആക്കിവിറ്റി ഗ്രൂപ്പാണ് (കീഴില്ലം, രാമമംഗലം) കേന്ദ്രധനകാ
മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെ
28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം.
ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളു
സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളില
വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായ
ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021
149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയ
സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്
എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതര
പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്
സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണയൂണിറ്റ് നൽകി
ബില്ലുകളിൽ അമൃതം ന്യൂട്രിമിക്സിന്റേയും സഫ
പോഷകപ്പൊടിയുടേയും വിലയോടൊപ്പം 5% ജി.എസ്.ടി കൂ
ചുമത്തിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

ക്രമ നം	ന്യൂട്രിമിക്സ് ബിൽ നം	ന്യൂട്രിമിക്സിന്റെ / സഫലയുടെ വില	ജി.എസ്.ടി	ചെലവ് വിവരം
1	4/4.4.20	47950	2396	ട്രഷറിബിൽ 4/20-21, 24.8.20
2	21/1.6.20	54810	2740	
3	31/26.8.20	51940	2596	ട്രഷറിബിൽ 8/20-21, 20.10.20
4	36/26.8.20 (സഫല)	19494	1026	
5	55/25.9.20	55520	2779	
6	56/25.9.20 (സഫല)	18767.25	988	
7	79/6.11.20	46410	2320	ട്രഷറിബിൽ 15/20-21, 12.1.21
8	80/6.11.20 (സഫല)	16629.75	875	
9	99/16.10.20	56560	2828	ചെക്ക്.നം-SBI-447862/11.1.21
10	113/6.11.20 (സഫല)	16629.75	875	
11	103/16.12.20 (സഫല)	18767.25	988	
12	124/27.2.21	53270	2664	ചെക്ക്.നം-SBI-447879,22.3.21
13	120/27.1.21 (സഫല)	17784	936	
14	123/27.2.21 (സഫല)	20434.5	1076	

വനിതാ ശിശുവികസന ഡയറക്ടറുടെ 18.8.21 ലെ കത്തിൽ ഇ
വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ലഭ്യമാവുന്നതുവരെ ജി.എസ്.
നൽകാം എന്ന് സൂചിപ്പിച്ചതിനാലാണ് തുക നൽകിയതെന്നാ
ഓഡിറ്റ് എൻകൗയറി - 11/15.12.21 ന് ലഭിച്ച മറുപടി. കേ
സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരം നികു
ഒഴിവാക്കപ്പെട്ടിട്ടുള്ള ഇനങ്ങളായതിനാൽ നൽകിയ ജി.എസ്.
റീഫണ്ടായി വിതരണക്കാർക്ക് ലഭിക്കുന്നതിന് സാധ്യതയുണ

ജി.എസ്.ടി. റീഫണ്ട് ലഭിക്കുന്നമുറക്ക് ബന്ധപ്പെട്ട സ്ഥാപനത്തി നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരി വിവരമറിയിക്കേണ്ടതാണ്.

1-23 അഗതി രഹിത പദ്ധതി-ഭക്ഷ്യക്കിറ്റ് വിതരണത്തിൽ ഒതുങ്ങുന്നു

ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാ ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ ഗുണഭോക്താക്കളു കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ള ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവ ഉയർത്തിക്കൊണ്ടുവരുന്നതിനാണ് അഗതി രഹിത പദ്ധതിയെന്ന കൊണ്ട് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. പഞ്ചായത്തിൽ 2019-20, 2020- സാമ്പത്തിക വർഷങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയ കുടുംബശ്രീ മുഖേന ഭക്ഷ്യക്കിറ്റ് വാങ്ങുന്നതിന് വേണ്ടി മാത്രമാ ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നം-97/20 മുഖേന 200000/-രൂപയും പ്രോജ നം-198/21 മുഖേന 278985/-രൂപയും ആണ് ആകെ ചെലവ്.

ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ നിലവിൽ 1 ഗുണഭോക്താക്കളാണുള്ളത്. ഇവർക്ക് ചികിത്സ, വിദ്യാഭ്യാസ തൊഴിൽ എന്നിവ ലഭിക്കുന്നതിനായി തുക വകയിരുത്തുന്നതാ കാണുന്നില്ല. ആയതിനാൽ ഭൂമി, വീട്, തൊഴിൽ, ചികിൽ വിദ്യാഭ്യാസം എന്നീ മേഖലകൾ പാടെ അവഗണിക്കപ്പെട്ടു. ആശ്ര പദ്ധതി എന്നത് കേവലം ഭക്ഷ്യക്കിറ്റ് വിതരണം എന്നതിലേയ് ഒതുങ്ങുകയാണെന്നാണ് വ്യക്തമാകുന്നത്. അഗതി രഹിത കേര പദ്ധതിക്കായുള്ള പരിചരണ സേവനങ്ങൾ നടപ്പാക്കുന്നതിനു മാർഗരേഖ -സ.ഉ(എംഎസ്)നം-252/2017/തസ്വഭവ, തീയതി-12.12.2017 നിഷ്ക്കർഷിക്കുന്ന പ്രകാരം അതിജീവനാവശ്യങ്ങൾക്ക് പുറ അടിസ്ഥാന സൗകര്യ വികസനവും വിദ്യാഭ്യാസ-തൊഴിൽ ലഭ്യതയ ഉറപ്പ് വരുത്തുവാനുതകുന്ന പ്രോജക്ടുകൾ കൂടി ആവിഷ്ക്കരി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-24 അഗതി മന്ദിരം നിഷ്ക്രിയാസ്ഥിയായി തുടരുന്നു

പ്രോജക്ട്	കണ്ണംപറമ്പ് അഗതി മന്ദിരം നവീകരണം,214/21
നിർവ്വഹണം	അസി.എഞ്ചിനിയർ
കരാറുകാരൻ	ജിറ്റോ കെ ബേബി
അടങ്കൽ	178703
അളവ് പുസ്തകം	175/19-20
ചെലവ് വിവരം(ബിൽ നം/തീയതി)	178703(36/19-20,10.09.2020)

ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള അഗതി മന്ദിരത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷ 178703/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയ നടപ്പാക്കിയ ഈ പ്രോജക്റ്റ് മുഖേന സ്ഥാപനത്തിന്റെ നവീകരണ നടത്തിയെന്നതല്ലാതെ നാളിതു വരെയും അന്തേവാസികൾ എത്ത തുടങ്ങിയിട്ടില്ല. ആയതിനാൽ ഈ കെട്ടിടം നിഷ്ക്രിയാസ്തിയായ തുടരുന്നു. ഓഡിറ്റ് ടീം സ്ഥാപനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയറുമായി പ്രാദേശിക പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നില്ല എ വ്യക്തമാവുകയുണ്ടായി. 07.01.2007 ൽ പണി പൂർത്തിയാക്കിയ ഈ അഗതി മന്ദിരത്തിന്റെ നവീകരണത്തിനായി വർഷാവർഷ പഞ്ചായത്ത് തുക ചെലവഴിക്കുന്നുണ്ടെന്നതല്ലാതെ അഗതികളാ ആർക്കും ഇതു മുഖേന ഗുണഫലമൊന്നും ലഭിക്കുന്നില്ല എന്ന പരിതാപകരമാണ്. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാ ഓഡിറ്റ് എൻകൃയറി(നം.13/16.12.2021) മുഖേന ആവശ്യപ്പെട്ടതി മറുപടി ലഭിച്ചില്ല. ആവശ്യകതാനിർണയം നടത്താതെ പൊ പണമുപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഇത്തരം ആസ്തിക അന്യാധീനപ്പെട്ട് പോകാതെ സൂക്ഷിക്കുന്നതിനും,ഇത്ത ആസ്തികളുടെ ഗുണഫലം അഗതികളായവർക്ക് പ്രയോജന പ്രദമാ ഉപയോഗിക്കുവാൻ ഉതകുംവിധത്തിൽ നടപടിക സ്വീകരിക്കുന്നതിന് ഭരണ സമിതിയും,ഉദ്യോഗസ്ഥരും പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്.

1-25 സന്നദ്ധസംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് സഹായം - പി.എം.സി.(പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി) അംഗീകാരം തേടിയില്ല

പ്രോജക്ട് നം പേര്	189/21 സന്നദ്ധസംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് സഹായം
അടങ്കൽ	50000/- (വികസന ഫണ്ട്)
ചെലവ്	45539/-
ബിൽ നമ്പർ	36/20-21,തീയതി-30.03.21

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവഹണം ചെയ്ത മേൽ പ്രോജ മുഖേന 45539/- രൂപയ്ക്കുള്ള മരുന്നും അനുബന്ധ ഉപകരണങ്ങള സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി സാന്ത പരിചരണ രംഗത്ത് പ്രവർത്തിക്കുന്ന ഇ.എം.എസ് കനിവ് എ സംഘടനയ്ക്ക് നൽകിയിട്ടുണ്ട്. ചാരിറ്റബിൾ സൊസൈ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് തദ്ദേശസ്ഥാപനത്തിന്റെ പരിധിയി പ്രവർത്തിക്കുന്നതും പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് പി.എം.സ

ശുപാർശ ചെയ്യുന്നതുമായ പാലിയേറ്റീവ് യൂണിറ്റുകൾക്കാ
ഇപ്രകാരം സഹായം അനുവദിക്കാവുന്നതെന്ന് പാലിയേറ്റീ
പരിചരണ മാർഗരേഖയിൽ (സ.ഉ(സാധാ)നം-553/20
ത.സ്വ.ഭ.വ,തീയതി-7/3/19, ഖണ്ഡിക-5) നിഷ്ക്കർഷിക്കുന്നു. മേ
സംഘടനയുടെ രജിസ്ട്രേഷൻ രേഖകളും സംഘടനയെ ശുപാർ
ചെയ്ത പി.എം.സി തീരുമാനവും ഹാജരാക്കുവാനാവശ്യപ്പെട്ടു
എൻകപയറിയ്ക്ക് (നം-2/10.12.21) മറുപടിയായി പ്രോജക്ട് നടപ്പിലാക്കു
വേളയിൽ കോവിഡ് വ്യാപനം മൂലം പി.എം.സി യോഗം കൂടുവാ
സാധിച്ചില്ലായെന്നും തുടർന്നുള്ള യോഗത്തിൽ ഈ വിഷയ
ചേർക്കുവാൻ വിട്ടുപോയതാണെന്നറിയിക്കുകയും സ്ഥാപനത്തിന്
രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തു. മറുപ
അംഗീകരിക്കുന്നു. മേൽ സംഘടനയ്ക്ക് ഉപകരണങ്ങൾ വാങ
നൽകിയ വിഷയം പി.എം.സി മുമ്പാകെ അവതരിപ്പിച്ച് സാധൂകരണ
വാങ്ങേണ്ടതും മാർഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം ഭാവിയി
പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-26 കന്നുകുട്ടി പരിപാലനം-ചെലവാകാതെ അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.

പ്രോജക്ട്	കന്നുകുട്ടി പരിപാലനം
പ്രോജക്ട നം	S169/21
നിർവ്വഹണം	വെറ്റിനറി സർജൻ
അടങ്കൽ	12,25,000/-(612500 /-വികസന ഫണ്ട്-ജനറൽ, 612500/- ഗുണഭോക്തൃവിഹിതം)
ചെലവ്	612500/-

ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമു
കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻ
എന്നിവ ലഭ്യമാക്കുന്നതിനായുള്ള മേൽ പദ്ധതിയിൽ
കന്നുകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനവിഹി
ലഭ്യമല്ലാത്തതിനാൽ കന്നുകുട്ടി ഒന്നിന് സബ്സിഡി തുകയായ 1250
രൂപയും പഞ്ചായത്താണ് വകയിരുത്തി പ്രോജക്ട് ഓഫീസർ, ആലു
യ്ക്ക് കൈമാറിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ മൂ
ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ വിവിധ കാരണങ്ങളാ
പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. എൻ വി പൌലോസ്, നെടുവംകുടി, തൂങ്ങാലി എന്ന ഗുണഭോക്താ
30.10.2021 ൽ പദ്ധതിയിൽ നിന്ന് ഒഴിവായി. ചെലവായ സബ്സിഡി-- 233
രൂപ, അവശേഷിക്കുന്ന തുക 10169/- രൂപ.

2. പി സി മത്തായി, പുള്ളോർക്കുടി, കൊമ്പനാട് എന്ന ഗുണഭോക്താ
30.09.2021 ൽ പദ്ധതിയിൽ നിന്ന് ഒഴിവായി. ചെലവായ സബ്സിഡി-- 29

രൂപ, അവശേഷിക്കുന്ന തുക 12203/- രൂപ.

3. മിനി മത്തായി, കാണിയാടൻ എന്ന ഗുണഭോക്താവ്30.09.2021 പദ്ധതിയിൽ നിന്ന് ഒഴിവായി. ചെലവായ സബ്സിഡി-- 297/- രൂ അവശേഷിക്കുന്ന തുക 12203/- രൂപ.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മേല്പറഞ്ഞ 34575/- രൂപയുൾപ്പെ ചെലവാകാതെ അവശേഷിക്കുന്ന തുക തിട്ടപ്പെടുത്തി പ്രോജ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കുകയോ തുടർന്ന് വരു പദ്ധതികളിൽ ക്രമീകരിക്കുകയോ ചെയ്ത് ഓഡിറ്റി അറിയിക്കേണ്ടതാണ്.

1-27 മുൻകൂർ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല.

2018-19 വർഷം പ്രൊജക്ട് നമ്പർ 66/19 പ്രകാരം ലൈഫ് മിഷ പദ്ധതിയിൽ ഭവന നിർമ്മാണം ആരംഭിക്കുന്നതിനായി ശ്രീമതി വന സുബ്രഹ്മണ്യൻ, ആലമുറ്റത്ത്, എടയപ്പാറ, കൊച്ചിൻ ബാ അശോകപുരം എന്ന ഗുണഭോക്താവ് 27.10.2018 ൽ 40,000/- രൂപ മുൻകൂ കൈപ്പറ്റിയിരുന്നു. രേഖകൾ പരിശോധിച്ചതിൽ നിന്നും നാളിതുവ ടിയാൾ ഭവന നിർമ്മാണം ആരഭിച്ചിട്ടില്ലാത്തതിനാൽ ഇ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെ നിർവ്വഹണോദ്യോഗസ്ഥനായ വി ഇ ഒ-യ്ക്ക് 16-12-2021 ൽ നൽകിയ 16 നമ്പർ ഓഡിറ്റ് എൻകുയറിക്ക് ഗുണഭോക്താവിന് ഇത് സംബന്ധി അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഭവനനിർമ്മാണം ആരംഭിക്കുന്നതി ഗുണഭോക്താവ് തയ്യാറാണെന്നറിയിച്ചിട്ടുണ്ടെന്നും മറുപ നൽകിയിട്ടുണ്ട്. കീഴ്മാട് ഗ്രാമപഞ്ചായത്തി സ്ഥിരതാമസക്കാരിയായ ടി ഗുണഭോക്താവ് വേങ്ങൂ ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങിയതിനാൽ ഈ പഞ്ചായത്തി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുകയായിരുന്നുവെന്ന ആയതിനാലാണ് നടപടി സ്വീകരിക്കുന്നതിൽ കാലതാമസ വന്നതെന്നും നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചു. മുൻകൂർ തു കൈപ്പറ്റി മൂന്ന് വർഷത്തോളം ആയിട്ടുള്ളതിനാൽ ഭവനനിർമ്മാണ എത്രയും വേഗം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 പ്രൊക്യുർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ(പി)നം. 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010,2013 ലെ സ്റ്റോ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1എന്നിവ പ്രകാരം വാങ്ങേണ്ടി വരു സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയ ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ് എന്നാൽ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 22.08.2019 ന് ശേഷം 08.09.2021 ലെ വിവരങ്ങൾ മാത്രമാ

ചേർത്തിട്ടുള്ളത്. 2020-21 വർഷം നടത്തിയ വാങ്ങലുകൾ ഒന്നു
കമ്മിറ്റി പരിഗണിച്ചിട്ടില്ലെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത
പ്രൊജക്ട് നമ്പർ SO 134/21 (സ്കൂളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ
ഉപകരണങ്ങളും വാങ്ങൽ-ചെലവ് 80720/- രൂപ), SO 174/21 (എൽ പ
സ്കൂളിലേക്ക് മേശ, കസേര, ബഞ്ച്, ഡസ്ക് എന്നിവ വാങ്ങൽ- ചെല
474000/- രൂപ) എന്നിങ്ങനെ വിവിധ പദ്ധതികളിലായി വാങ്ങ
നടത്തിയിട്ടുണ്ടെങ്കിലും ഇവയൊന്നും സംബന്ധിച്ച കമ്മിറ്റി തീരുമാന
മിനിട്ട്സിൽ ഇല്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരു
പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമാ
സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ
പ്രൊകുർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും പ്രൊക്യുർമെന്റ
കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയ
ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെ
എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ
തീരുമാനിക്കേണ്ടതുമാണ്. എന്നാൽ വാങ്ങൽ നടപടിക്രമങ്ങളിൽ
പഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം ഇ
പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ഇക്കാര്യത്തിൽ ഭരണസമിതി
കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-29 വിവരാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നില്ല.

2020-21 വർഷത്തിൽ ആകെ 50 അപേക്ഷകളാണ് വിവരാവകാ
നിയമപ്രകാരം ലഭിച്ചിട്ടുള്ളത്. ഇവയ്ക്കെല്ലാം മറുപ
നൽകിയിട്ടുണ്ടെങ്കിലും വളരെയധികം അപേക്ഷകൾക്കുള്ള
വിവരങ്ങൾ ലഭ്യമാക്കിയത് തൃപ്തികരമല്ലാത്തതിനാൽ അപേക്ഷക
അപ്പീൽ നൽകുകയും പഞ്ചായത്ത് നൽകിയ വിവരങ്ങ
തൃപ്തികരമല്ലാത്തതിനാൽ കൃത്യമായ വിവരങ്ങൾ നൽകാൻ അപ്പീ
അധികാരി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങ
താഴെ ചേർക്കുന്നു.

1)വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിയുമായ
ബന്ധപ്പെട്ട് ശ്രീ തോമസ് കെ ജോർജ് എന്ന വ്യക്തി ഏഴ് ചോദ്യങ്ങ
മുഖേന വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. സർക്കാർ മാനദണ്ഡപ്രകാര
ഓഫീസിൽ 50% ജീവനക്കാർ മാത്രമുള്ളതിനാൽ അ
ചോദ്യങ്ങൾക്കുള്ള വിവരം ക്രോഡീകരിച്ചെടുക്കാൻ ഏറെ സമയ
വേണ്ടിവരുമെന്ന് സെക്രട്ടറി മറുപടി നൽകിയിരുന്നു. നൽകി
മറുപടികളിൽ നാല് ചോദ്യങ്ങൾക്കുള്ളവ തൃപ്തികരമല്ലെന്ന് അപ്പീ
അധികാരി വിലയിരുത്തി. ടി വിവരങ്ങൾ സമയബന്ധിതമായ
ലഭ്യമാക്കാമായിരുന്നുവെന്നും ലൈഫ് ഭവനപദ്ധതിയുമായ
ബന്ധപ്പെട്ട് അപ്പീൽവാദി ആവശ്യപ്പെട്ട വിവരങ്ങ
ഗ്രാമപഞ്ചായത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ട

തന്നെയാണെന്നും അവ അപ്പീലിന്മേലുള്ള ഉത്തരവ് ലഭിച്ച് എ
ദിവസത്തിനകം ലഭ്യമാക്കണമെന്നും അപ്പീൽ അധികാ
നിർദ്ദേശിച്ചിട്ടുണ്ട്.

2) ശ്രീമതി ഫെമി ബേബി എന്ന വ്യക്തി 03.08.2020 ന് പഞ്ചായത
ഓഫീസിലെ താത്ക്കാലിക ദിവസ/ മാസ വേതനത്തിൽ ജോ
ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ട് സമർപ്പി
അപേക്ഷയ്ക്ക് പഞ്ചായത്തിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസ
നൽകിയ മറുപടി കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെയ
കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റ
സജ്ജീകരിക്കുന്നതിന്റെയും തിരക്കുള്ളതിനാലും ജീവനക്കാരു
ഹാജർ 50 ശതമാനമായി നിജപ്പെടുത്തിയതിനാലും വിവരാവകാ
അപേക്ഷ പരിശോധിച്ച് മറുപടി പരിശോധിച്ച് മറുപടി നൽകാ
സാധിക്കുന്നില്ല എന്നും കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങ
അവസാനിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതായിരിക്കുമെന്നുമാ
ഈ മറുപടി തൃപ്തികരമല്ലെന്ന് അപ്പീൽ അധികാ
നിരീക്ഷിച്ചു.വിവരാവകാശ നിയമം-2005 പ്രകാരം ലഭി
അപേക്ഷയ്ക്ക് കൊവിഡ്-19 മഹാമാരി മാറുന്നത് വരെ സേവനങ്ങ
നൽകേണ്ടതില്ലായെന്ന യാതൊരു സർക്കാർ ഉത്തരവുകള
നിലവിലില്ലെന്നും കൊവിഡ്-19 എന്ന് മാറുമെന്ന് അറിയാത
സാഹചര്യത്തിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കു
അപേക്ഷയ്ക്ക് കൊവിഡ്-19 പ്രതിരോധ പ്രവർത്തന
അവസാനിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതായിരിക്കും എ
ഓഫീസ് മേധാവി കൂടിയായ സംസ്ഥാന പൊതുവിവരാവകാ
ഓഫീസർ മറുപടി നൽകിയത് വിവരാവകാശ നിയമത്തിന്
അന്തസത്തയ്ക്ക് ഒട്ടും ചേർന്നതല്ലായെന്നും അപ്പീൽ അധികാ
നിരീക്ഷിച്ചു. ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനകം വിവ
ലഭ്യമാക്കണമെന്നും അപ്പീൽ അധികാരി നിർദ്ദേശിച്ചിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തിലെ കൊവിഡ്-19 രോഗവ്യാപന പ്രകാരം ഓഫീ
എത്ര ദിവസം പ്രവർത്തന രഹിതം ആയിരുന്നുവെന്നും
ഓഫീസിലെ ജീവനക്കാരുടെ സെക്ഷനിലെ ജോ
ബാക്കിയുണ്ടെങ്കിൽ അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്ന
പഞ്ചായത്തിലെ ഏത് രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത് എന്ന ശ്
സി പി രാഘവന്റെ ചോദ്യങ്ങളിൽ രണ്ടാമത്തേതിന് ചോദ്
വ്യക്തമല്ലായെന്ന് പഞ്ചായത്ത് മറുപടി നൽകി.ഇക്കാര്യം പരിശോധി
അപ്പീൽ അധികാരി വിവരാവകാശ നിയമം -2005 പ്രകാ
സമർപ്പിക്കുന്ന അപേക്ഷയിൽ വിവരങ്ങൾ ആരാഞ്ഞത് സംബന്ധി
വ്യക്തത വരുത്തേണ്ടുന്ന സാഹചര്യം ഉണ്ടായാൽ ആയതിലേ
അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം അപ്പീൽവാദിക്ക് ടി വിവ
സംബന്ധിച്ച അറിയിപ്പ് രേഖാമൂലം നൽകേണ്ടതായിരുന്നുവെന്
എന്നാൽ അപ്രകാരം ചെയ്തിട്ടില്ലായെന്നും വിലയിരുത്തിയിട്ടുണ്ട്.

4) ശ്രീ. ഗോപാലകൃഷ്ണൻ കെ ബി എന്നയാൾ 07.08.2020 ൽ സമർപ്പി അപേക്ഷയ്ക്ക് കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങ അവസാനിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതായിരിക്കുമെ മറുപടി നിരുത്തരവാദപരമായിരുന്നുവെന്നും യഥാർത്ഥത്തി അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വസ്തുതാപരമായി മറുപ നൽകാമായിരുന്നുവെന്നും അപ്പീൽ അധികാ വിലയിരുത്തിയിട്ടുണ്ട്.

വളരെയധികം അപേക്ഷകളിലാണ് ഇപ്രകാരം അപേക്ഷക ലഭ്യമാക്കേണ്ട വിവരങ്ങൾ ലഭ്യമാക്കാതിരുന്നതെന്ന് ഫയലിൽ നിന്ന വ്യക്തമാണ്. ഭരണനിർവ്വഹണത്തിൽ സുതാര്യ ഉറപ്പുവരുത്തുന്നതിന് വിവരാവകാശ നിയമം ഏ പ്രസക്തമാണെന്നിരിക്കെ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ആശാസ്യമല്ല. ഇക്കാര്യത്തിൽ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസ ജാഗ്രത പുലർത്തേണ്ടതാണ്.

1-30 ദുരിതാശ്വാസ നിധി

വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാ നിധിയിൽ നിന്നും ധനസഹായത്തിന് ലഭിക്കുന്ന അപേക്ഷകരി നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാ 27.12.2007ലെ പഞ്ചായത്ത്കമ്മിറ്റി യോഗത്തിലെ തീരുമാന പ്രകാ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മി ചെയർമാൻ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടു അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് ഈ കമ്മിറ്റി യോഗം ചേരുക അർഹരായവർക്ക് ധനസഹായം നൽകുന്നതി തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ 2020- വർഷത്തിൽ ഇപ്രകാരം ലഭിച്ച അപേക്ഷകരിൽ നിന്ന് 42 പേർ 1,21,555/-ധനസഹായം നൽകിയിട്ടുണ്ട്. 2020-21 വർഷത്തെദുരിതാശ്വാ നിധിയുടെ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	14775.00
വരവ്	538540.00
ആകെ	553315.00
ചെലവ്	121555.00
നീക്കിയിരിപ്പ്	431760.00

1-31 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു.

പഞ്ചായത്തിൽ ആകെ 22 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാ അശേഷിക്കുന്നുണ്ട്. 1997-98, 1998-99 മുതൽ 2018-19 വരെയുള്ള വിവി വർഷങ്ങളിലെ 22 ഓഡിറ്റ് റിപ്പോർട്ടുകളിലായി ആകെ 204 ഓഡ് പരാമർശങ്ങളാണ് നടപടിയെടുക്കാൻ അവശേഷിക്കുന്നത്. 2013-

2014-15 മുതൽ 2018-19 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. 2018-19 വർഷം 5 കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് ആയ 10000/- രൂപ വീതം നൽകുന്നതിനായി 50000/- രൂപ സി.ഡി.എസിന്റെ വേങ്ങൂരിലുള്ള ഫെഡറൽ ബാങ്ക് അക്കൗണ്ട് നം. 10620100093569 ലേക്ക് നൽകിയിരുന്നത് കുടുംബശ്രീകൾക്ക് കൈമാറാതെ സി.എഡി.എന്റെ ബാങ്ക് അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ചിരിക്കുകയാണെന്ന 2018-19 വർഷത്തെ പരാമർശം തീർപ്പാക്കിയില്ല.

2. വെള്ളക്കരം ഇനത്തിൽ 2008-09 മുതൽ 2018-19 വരെ 2019-20 സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്തും, തനത് ഫണ്ട്, പ്ലാൻ ഫണ്ട് പദ്ധതികളിലായി 23963690/- അടവാക്കിയത് വിശദാംശങ്ങളടക്കം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി എച്ച് ഡിവിഷൻ ആലുവയെ അറിയിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് നോട്ടീസിൽ ഈ തുക കുടിശികയിൽ നിന്ന് കുറവ് ചെയ്തിട്ടില്ലെന്ന പരാമർശം ഇപ്പോഴും നിലനിൽക്കുകയാണ്. നിലവിലും ഈ അപാകത പരിഹരിക്കാതെ തുടരുകയാണ്.

3. ലൈസൻസ് ഇല്ലാതെ കോഴി വളർത്തൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച അപാകത പരിഹരിച്ച് ഓഡിറ്റ് പരാമർശം തീർപ്പാക്കിയിട്ടില്ല.

4. തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ വിഷയത്തിലെ പോരായ്മകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

5. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ വർഷങ്ങളിൽ വാട്ടർ അതോറിട്ടി, കെ എസ് ഇ ബി, പൊതുമരാമത്ത് വകുപ്പ് എന്നീ നിർവ്വഹണ ഏജൻസികൾക്ക് വർഷം തോറും തുക കൈമാറുന്നതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കാതെ വൻതുകകൾ ഇപ്പോഴും അശേഷിക്കുന്നു.

6. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

7. പഞ്ചായത്ത് കനാലിനോടനുബന്ധിച്ച പ്രവൃത്തി സ്വന്തം നിലയിൽ ഏറ്റെടുക്കുകയും യഥാർത്ഥ ഉടമസ്ഥന്റെ അനുമതി ലഭിക്കാതെ പി.വി.ഐ.പി-യുടെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് മരാമത്ത് പ്രവൃത്തി നടത്തിയതിലെ അപാകതകളുടെ അടിസ്ഥാനത്തിൽ 1854421/-രൂപയുടെചെലവ് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരുന്നു. ഈ പരാമർശം നിലവിലും തുടരുകയാണ്.

8.പൊങ്ങൻചുവട് ആദിവാസി കോളനിയിൽ സോളാർ പാനൽ സ്ഥാപിച്ചതിലെ അപാകതകൾ 2013-14, 2014-15 വർഷത്തെ ഓഡിറ്റ്

റിപ്പോർട്ടിൽ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്.

1997-98, 1998-99 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ഓഡി റിപ്പോർട്ടുകളിൽ നിലനിൽക്കുന്ന പരാമർശങ്ങൾ എത്രയും വേ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-32 രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതിയുടെ ഫയ 16.12.2021 ൽ ഹാജരാക്കണമെന്ന് 15.12.2021ന് ഓഡിറ്റ് റിക്വിസിഷ നൽകിയിട്ടും ഫയൽ ഹാജരാക്കാത്ത പക്ഷം ചെലവ് തു തടസ്സപ്പെടുത്തുന്നതാണെന്ന് 18.12.2021 ന് 23ാം നമ്പർ ഓഡി എൻകവയറി മുഖേന അറിയിച്ചിട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
പ്രൊജക്ട് നം. --SO 130/21
പദ്ധതിയുടെ പേര് -- കന്നുകുട്ടി പരിപാലനം
ചെലവ് തുക - 4,00,000/- (വികസന ഫണ്ട്-സാധാരണ വിഹിതം)

ഫയൽ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ 4,00,000/-രൂപയുടെ ചെല ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 നായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല

പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പ്രകാ പന്നികൾക്കും, നായകൾക്കും ലൈസൻസ് നൽകിയ ഇനത്തി ആകെ വരവ് 110/-രൂപയാണ്. രജിസ്റ്റർ പ്രകാരം 8 നായകൾ മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ വെറ്റിനറി സർജ നടപ്പാക്കിയ പേവിഷ നിർമാർജനം (പ്രോജക്ട് നം.171/21) എന്ന പദ്ധ പ്രകാരം ആകെ 644 നായകൾക്ക് പ്രതിരോധ വാക്സിൻ നൽകിയിട്ടു ആയതിനാൽ വാക്സിനെടുത്ത 636 നായകൾക്ക് ലൈസൻസ് ഇല്ലായെ കാണുന്നു. 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കു പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഇക്കാര്യത്തി സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെ നൽകിയ 18.12.2021 ലെ 21-ാം നമ്പർ ഓഡിറ്റ് എൻകവയറിക്ക് ലൈസൻ എടുക്കേണ്ടത് സംബന്ധിച്ച് അനൗൺസ്മെന്റ് നടത്തിയിട്ടുണ്ട മറുപടി നൽകിയിട്ടുണ്ട്. പന്നികൾക്കും, പട്ടികൾക്കും ലൈസൻ നൽകൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയിരിക പഞ്ചായത്ത് നൽകുന്ന സേവനം ഉപയോഗിച്ച് പ്രതിരോധ കുത്തിവ എടുക്കുന്ന നായ്ക്കളുടെ പോലും ലൈസൻസ് ഉറപ്പാക്കാ സാധിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാ ഫീസിനത്തിലെ വരവ് നഷ്ടവും ഇത് മൂലം ഉണ്ടാകുന്നുണ്ട്. ഭാവിയി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-34 എ ബി സി പ്രോഗ്രാം - നടത്തിപ്പിലെ അപാകതകൾ

പദ്ധതി	എ ബി സി പ്രോഗ്രാം, (2/20)
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹100000/-
ഫണ്ടിനം	പൊതുവിഭാഗം-സാധാരണ വിഹിതം
ചെലവ്	₹98700/-
ബിൽ നം./ തീയതി	480/30.3.2021

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്ത തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. ₹210 നിരക്കിൽ 47 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി ₹9870 കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറിയിട്ടുണ നായപിടുത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായ ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന എന്നിവയ്ക്കാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലു ഓപ്പറേഷനുമായി ബന്ധപ്പെട്ട് വെറ്റിനറി സർജന്റെ റിപ്പോർട്ടോ സർട്ടിഫിക്കറ്റോ ഫയലിൽ ലഭ്യമല്ല. എത്ര നായകൾക്ക് ഏതെല്ലാ ദിവസങ്ങളിലായി, എവിടെ വച്ച് വന്ധ്യംകരണം നടത്തി എന വ്യക്തതയില്ല. 27.08.2016 ലെ 45151/RC3/2014/LSGD നമ്പരാ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അണ ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാ ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. സ (സാധാ) നം.3247/2016/തസ്വഭവ തീയതി 30.11.2016 പ്രകാരം പരിശീലന സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ ഇതിനായി നിയോഗിക്കേണ്ടത്. എന്നാൽ പദ്ധതി നടപ്പിലാക്കാ മൈക്രോ യൂണിറ്റുകളെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശങ്ങ ലഭ്യമല്ല. കൃത്യമായ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെല തുക ₹98700/-തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡി എൻകപയറി (നം5/12.12.21)നൽകിയെങ്കിലും മറുപടി ലഭ്യമായില്ല

1-35 വിതരണ രേഖകളുടെ അഭാവം - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി	പഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് മേശ, കസേര, ബഞ്ച്,ഡെസ്ക് (174/21)
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹474000/-

ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	₹474000/-

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ സ്കൂളുകളിലേക്ക് മേശ, കസേ ബഞ്ച്. ഡസ്ക് എന്നിവ കാഡ്കോ യിൽ നിന്നും വാങ്ങിയിട്ടുണ ഇതിനായി ₹474000/- ചെലവ് വന്നിട്ടുണ്ട്. ₹68550/-, ₹405450/- എന്നിങ്ങ രണ്ട് ബില്ലുകളുടെ അടിസ്ഥാനത്തിലാണ് കാഡ്കോയിൽ നി ഉപകരണങ്ങൾ വാങ്ങിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള ഇതിൽ ₹68550/-ന്റെ ചെലവ് വിവരങ്ങൾ മാത്രമാണ് ഓഡിറ്റി ലഭ്യമായത്. ശേഷിക്കുന്ന ₹405450/-ന് കാഡ്കോയിൽ നിന്ന് ഫർണിച്ച വാങ്ങിയെന്നതിന്റെ തെളിവിലേക്കായി ഒരു ബില്ല് (നം.458/27.03.2 മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൻ പ്രകാരമു വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം	എണ്ണം/നിരക്ക്	തുക
മേശ	8 @ ₹8800/-	₹70400/-
കസേര	8@ ₹6200/-	₹49600/-
ബഞ്ച്	33@ ₹3850/-	₹127050
ഡസ്ക്	33@ ₹4800/-	₹158400/-
ആകെ തുക		₹405450/-

ഇതിന്റെ ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുകയാണ് ചെല വന്നിട്ടുള്ളത്. എന്നാൽ ഈ ഉപകരണങ്ങൾ സ്റ്റോക്കിലെടുത സ്കൂളുകളിലേക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമായി ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി(നം. 25/21.12.21)ക മറുപടി ലഭ്യമാക്കിയില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ചെല തുക ₹405450/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-36 കോവിഡ്-19 -പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം സംബന്ധിച്ച്

1) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2020- സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 297/ നമ്പർ പദ്ധതി പ്രകാരം 3514121/-രൂപ ചെലവഴിച്ചിട്ടുണ്ട്.

2) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത വോളന്റിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

3) 27.03.2020മുതൽ 03.05.2020 വരെ ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണി കിച്ചൻ പ്രവർത്തച്ചിരുന്നു. കോവിഡ് ലോക്ക് ഡൌൺ കാലത നിരാലംബരായ 18 പേർക്ക് ഭക്ഷണം നൽകിയിരുന്നു.

4) പ്രത്യേക പരിഗണന നൽകേണ്ടവരുടെ(ഗുരുത രോഗികൾ,പ്രായാധിക്യമുള്ളവർ) സുരക്ഷയ്ക്ക് ഹെൽപ്പ് ഡ

രൂപീകരിച്ചിരുന്നുവെങ്കിലും ആയതിന് വേണ്ടി തനത്/വികസ ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടില്ല.

5) പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനാ ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്

6) സി.എഫ്.എൽ.ടി.സി ഗ്രാമപഞ്ചായത്തിൽ 19.08.2020 മുതൽ 30.12.20 വരെ പ്രവർത്തിച്ചിരുന്നു. 796 കോവിഡ് രോഗികൾക്ക് ചികിത നൽകിയിട്ടുണ്ട്. നിലവിൽ സി.എഫ്.എൽ.ടി.സി. പ്രവർത്തിക്കുന്നില്ല

7) പൾസ് ഓക്സിമീറ്റർ വാങ്ങി ഉപയോഗിച്ചിരുന്നു.

8) സി.എഫ്.എൽ.ടി.സി നടത്തിപ്പിനായി സംഭാവനയിനത്തിൽ 12500 രൂപ ലഭിച്ചിട്ടുള്ളതും, ആയത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരു പേരിൽ തുടങ്ങിയ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രത്യേക ബാ അക്കൗണ്ടിൽ 11.08.2020,14.08.2020,18.08.2020 തീയതികളിലാ നിക്ഷേപിച്ചിട്ടുള്ളതുമാണ്.

9) നിലവിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഓൺലൈൻ ആ മീറ്റിംഗ് നടത്തുന്നില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളു ഏകോപന ചുമതല പഞ്ചായത്ത് തല കോവിഡ് പ്രതിരോ സമിതിയ്ക്കായിരുന്നു.

1-37 ഓഡിറ്റ് എൻകയറി നൽകിയതിനെ തുടർന്ന് തുക തിരിച്ചടച്ചതിന്റെ വിവരം

1) 2020-21 വർഷത്തെ രസീത് പരിശോധിച്ചതിൽ കൃഷി ഓഫീസിലേ നൽകിയ രസീത് ബുക്കിന്റെ അടിസ്ഥാനത്തിൽ പിരിവ് നടത്തി തുക യഥാക്രമം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ വീ വന്നിട്ടുള്ളതായി കാണുന്നു. 48185, 48186 രസീതുകളിലാ പിരിച്ചെടുത്ത 1869/-രൂപയിൽ 1111/-രൂപയാണ് അടവാക്കിയത്. 758/-രൂ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരുന്നില്ല. ഓഡിറ്റ് എൻകയറി (നം.19/17.12.21) നൽകിയതിനെ തുടർന്ന് തിരികെ അടച്ചു.

രസീത് നമ്പർ	തീയതി	അടച്ച തുക
1210101610	20.12.2021	584
1210101609	20.12.2021	174

2) 2020-21 സാമ്പത്തിക വർഷം 265A എന്ന കെട്ടിടത്തിന്റെ കെട്ട് നികുതി നിർണ്ണയിച്ചത് 22305/-രൂപയാണ്. എന്നാൽ 2373/-രൂ കുറവായിട്ടാണ് അടച്ചത്. കുറവ് വന്ന തുക ഓഡിറ്റ് എൻകയ (നം.20/17.12.2021)നൽകിയതിനെ തുടർന്ന് തിരികെ അടച്ചു.

രസീത് നമ്പർ	തീയതി	അടച്ച തുക
121050100633	21.12.2021	2373

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണ്ക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്.		

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തി	ബിൽ നമ്പർ/ വൌച്ചർ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	159/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-എസ് സി കോളനി	22000362/ 30.12.2020	248000/-	-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല
		22000362/ 30.12.2020	336700/-		
കെ എസ് ഇ ബി	133/21 സ്ട്രീറ്റ് ലൈൻ	22000360/ 30.12.2020	421419/-	-	വിനിയോഗ സാക്ഷ്യപത്രം

	എക്സ്റ്റൻഷൻ				ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ 1237700/- രൂപയു കെ.എസ്.ഇ.ബിയിൽ 3176895/-രൂപയും, പൊതുമരാമത്ത് വകുപ്പി 840000/- രൂപയും ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തി നീക്കിയിരുപ്പുണ്ട് (B.18 Schedule: 460500201, 460500202, 460500205).

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

	വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ട്	ചെലവ്	ബാലൻസ്
1	ജില്ലാ പഞ്ചായത്ത് (എറണാകുളം)	2020-21	343502	155/21 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി	343502	0
2	ജില്ലാ പഞ്ചായത്ത് (എറണാകുളം)	2020-21	236900	151/21പാലിന് സബ്സിഡി	236900	0
3	ജില്ലാ പഞ്ചായത്ത് (എറണാകുളം)	2020-21	4400000	47/21 ലൈഫ് -ഭൂരഹിതർക്ക് ഭൂമി വാങ്ങൽ	4400000	0
4	ജില്ലാ പഞ്ചായത്ത് (എറണാകുളം)	2020-21	450000	307/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	450000	0
5	ജില്ലാ പഞ്ചായത്ത് (എറണാകുളം)	2020-21	142000	122/21 പാലിന് സബ്സിഡി	142000	0 0
6	ജില്ലാ പഞ്ചായത്ത് (എറണാകുളം)	2020-21	340000	12/21 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി	340000	
7	ജില്ലാ പഞ്ചായത്ത് (എറണാകുളം)	2020-21	1220000	44/21 വീട് നിർമ്മാണം ലൈഫ് മിഷൻ(എസ് സി)	1220000	0
8	ബ്ലോക്ക്പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക)	2020-21	419255	45/21 ലൈഫ്-ഭവന പദ്ധതി (എസ് ടി)	419255	0
9	ബ്ലോക്ക്പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക)	2020-21	424571	44/21 വീട് നിർമ്മാണം ലൈഫ് മിഷൻ (എസ് സി)	424571	0
10	ബ്ലോക്ക്പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക)	2020-21	443350	193/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	443350	0
11	ബ്ലോക്ക്പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക)	2020-21	404431	258/21 മേക്കപ്പാല എസ്സ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	404431	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക+ തൻവർഷ വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ എം എസ് ഭവ പദ്ധതി	952/2010/ ത.സ്വ.ഭ.വ. തീ. 19.03.2010	-	0	0	266745	0
ലൈഫ് മിഷൻ (KURDFC)	സ.ഉ. (എം.എസ്) 2278/18/ ത.സ്വ.ഭ.വ തീ. 18.08.2018	9240000	16845294 +9240000 =26085294	2122628	-	23962666

.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര്	രശീതി നമ്പർ/ തീയതി
1	2018-19	1-15	400	കൃഷി ഓഫീസർ	120050100729/ 26.08.20
2	2015-16	3-4	3400	ജാനറ്റ് പോൾ, അസിസ്റ്റന്റ് സെക്രട്ടറി	120050101811/ 28.12.2020
ആകെ			3800		

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	46	2003-04		പാണംകുഴി ബാലവാടി വികസനം	തുക അടവാക്ക

2013-14, 2014-15	2(3)	2016-17	അദ്ധ്യായം 2	തൊഴിൽ നികുതി -അപാകതകൾ	തുടർനടപടിക സ്വീകരിച്ച് വിശദീകരണ പത്രിക നൽകി
2015-16	2-2	2016-17		തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	തുടർനടപടിക സ്വീകരിച്ച് വിശദീകരണ പത്രിക നൽകി

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	130622131.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	119485114.00
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1972024.00

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	വരവ് നഷ്ടം	ചെലവ് നഷ്ടം	
-	-	-	-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	242104	എൻ.എം.മോഹനൻ,സെക്രട്ടറി
1-16	80720	എൻ.എം.മോഹനൻ,സെക്രട്ടറി
1-17	150000	എൻ.എം.മോഹനൻ,സെക്രട്ടറി
1-18	335800	എൻ.എം.മോഹനൻ,സെക്രട്ടറി
1-20	259250	എൻ.എം.മോഹനൻ,സെക്രട്ടറി
1-32	400000	ഡോ ആശാലത,വെറ്ററിനറി സർജൻ
1-34	98700	എൻ.എം.മോഹനൻ,സെക്രട്ടറി
1-35	405450	എൻ.എം.മോഹനൻ,സെക്രട്ടറി
ആകെ	**1972024**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
എൻ.എം.മോഹനൻ, സെക്രട്ടറി	സെക്രട്ടറി, മഴുവന്നൂർ ഗ്രാമ പഞ്ചായത്ത്	നിരപ്പേൽ വീട്, തൃപ്പൂണിത്തുറ, എറണാകുളം
ഡോ. ആശാലത വെറ്ററിനറി സർജൻ	വെറ്ററിനറി സർജൻ	രോഹിണി വീട്, പെരുമ്പാവൂർ, എറണാകുളം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99	കെ.എസ്.എ.ഇ.കെ.എം.(പി2)763(Ii)/2019/ തീ.06.07.19	1
1999-2000	കെ.എസ്.എ.ഇ.കെ.എം.(പി2)763(Iii)/2019/ തീ.06.07.19	8
2005-06	എൽ എഫ് ഇ (പി2)1338/10 തീ.19.12.11	6
2006-07	എൽ എഫ് ഇ (പി2)1339/10 തീ.19.12.11	7
2007-08 To 2010-11	എൽ എഫ് ഇ (പി2)1612/12/തീ.1.9.12	14
2011-12 To 2012-13	എൽ എഫ് ഇ (പി2)763(Iv)/2019/ തീ.06.07.19	14
2013-14 & 2014-15	കെ.എസ്.എ.ഇ.കെ.എം.(പി2)763(V)/2019/ തീ.06.07.19	11
2015-16	കെ.എസ്.എ.ഇ.കെ.എം.(പി2)2243/16/ തീ.31.01.2017	16
2016-17	കെ.എസ്.എ.ഇ.കെ.എം.(പി2)674/19/ തീ.26.7.19	10
2017-18	കെ.എസ്.എ.ഇ.കെ.എം.(പി2)161/19/ തീ.15-07-19	13
2018-19	നം.കെ.എസ്.എ.-ഇകെഎം(പി.2)275/2020,തീയതി.16.03.2020	15
2019-20	നം. കെ.എസ്.എ-ഇ.കെ.എം. (പി2)1914/21 തീയതി	47

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ട
കേരള സംസ്ഥാന ഓഡിറ്റ് വകു
ജില്ലാ ഓഡിറ്റ് കാര്യാലയ
എറണാകുള

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്